## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2442**

09.12.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ: | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഏതൊക്കെ ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളത് വ്യക്തമാക്കാമോ; | (എ) | സുരക്ഷാ ഭവന പദ്ധതി, എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, എം. എൻ. ലക്ഷം വീട് മേൽക്കൂര പുതുക്കിപ്പണിയുന്ന പദ്ധതി, സാഫല്യം ഭവന പദ്ധതി, ഇന്നൊവേറ്റീവ് ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ, ഗൃഹശ്രീ ഭവന പദ്ധതി എന്നീ ഭവന പദ്ധതികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡു മുഖേന നടപ്പിലാക്കി വരുന്നു.<br>സർക്കാർ സബ്സിഡിയിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രാബല്ല്യത്തിൽ വന്ന സാഹചര്യത്തിൽ തീരെ കുറഞ്ഞ തുക സബ്സിഡിയായി നൽകുന്ന സുരക്ഷാ ഭവന പദ്ധതിയ്ക്ക് പ്രസക്തിയില്ലാത്ത തിനാൽ 2013 മാർച്ച് 31 നകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വീടുകൾക്കുകൂടി സബ്സിഡിതുക വിതരണം ചെയ്ത് സുരക്ഷാ ഭവന പദ്ധതി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച EMS ഭവന നിർമ്മാണ പദ്ധതി, M.N. ഗോവിന്ദൻനായർ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി തുടങ്ങിയവയിലെ ഗുണഭോക്താക്കൾക്കുള്ള അവസാന ഗഡു തുകകൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി, എം.എൻ.ഗോവിന്ദൻ നായർ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി തുടങ്ങിയവയിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അവസാന ഗഡു തുക നൽകിയിട്ടില്ല.<br>ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലെ 5619 ഗുണഭോക്താക്കൾക്കും എം.എൻ.ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയിലെ 31 ഗുണഭോക്താക്കൾക്കും അവസാന ഗഡു തുക നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്കാണ് ഭവന നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ളത്? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ വകുപ്പ് മുഖേന സുരക്ഷ ഭവന പദ്ധതി പ്രകാരം 662 വീടുകൾക്ക് 165.98 ലക്ഷം രൂപയും എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം 2154 വീടുകൾക്ക് 1850.22 ലക്ഷം രൂപയും എം. എൻ. ലക്ഷം വീട് മേൽക്കൂര അറ്റകുറ്റപ്പണിക്കായി 388 വീടുകൾക്ക് 38.8 ലക്ഷം രൂപയും ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 525 പേർക്ക് 10.50 കോടി രൂപയും സർക്കാർ സബ്സിഡി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ